**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 790** **14-10-2026-ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ തൊഴിൽസാധ്യതയുടെ വർദ്ധനവ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ എണ്ണം എത്രയാണെന്നുള്ള കണക്കുകൾ അറിയിക്കാമോ;

**മറുപടി:** കുറ്റ്യാടി നിയോജക മണ്ഡലം കോഴിക്കോട് ജില്ലയിലെ വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലാണ് വരുന്നത്. വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 07 ഒക്ടോബർ, 2026 വരെ 32,781 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ വടകര, നാദാപുരം എന്നീ നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളും ഉൾപ്പെടുന്നു.

**(ബി)** യുവജനങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വ്യവസായ - വാണിജ്യ മേഖലകളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പ് വരുത്തി, തൊഴിൽ മേഖലയിൽ ആവശ്യമുള്ള നൈപുണ്യ പരിശീലനം ഉദ്യോഗാർത്ഥികൾക്ക് നൽകി, അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിച്ച്, മികച്ച തൊഴിൽ നേടുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കൂടുതൽ തൊഴിൽ മേളകളും നൈപുണ്യ വികസനകേന്ദ്രങ്ങളും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** നിലവിൽ പരിഗണനയിൽ ഇല്ല

**സെക്ഷൻ ഓഫീസർ**